# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1895/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/12/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1895/24 തീയ്യതി: 23/12/2024

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-12-2023 മുതൽ 08-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 09-12-2024 | 18-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-12-2024 | 18-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ

ശ്രീ. ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. നിഖില. എ.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. രാജേഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. രശ്മിമോൾ. പി. എസ് | സെക്രട്ടറി | 01-04-2023 | 12-06-2023 |
| ശ്രീ. സുനിൽകുമാർ. ആർ. എസ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2023 | 08-08-2023 |
| ശ്രീ. ആന്റണി. എം.എ | സെക്രട്ടറി | 09-08-2023 | 16-11-2023 |
| ശ്രീമതി. പ്രിയ. കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-11-2023 | 11-12-2023 |
| ശ്രീ. ആന്റണി. എം.എ | സെക്രട്ടറി | 12-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുനിൽകുമാർ. ആർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 08-06-2023 |
| ശ്രീമതി. പ്രിയ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 09-06-2023 | 31-03-2024 |
| ശ്രീ. ഇബ്നു മഷൂദ്. എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷിന്റോ ജോസഫ് | വി.ഇ.ഒ, എട്ടൂർ സർക്കിൾ | 01-04-2023 | 11-09-2023 |
| ശ്രീ. ഷാജീവൻ. പി.പി | വി.ഇ.ഒ, എട്ടൂർ സർക്കിൾ, അഡിഷനൽ ചാർജ്ജ് | 12-09-2023 | 03-10-2023 |
| ശ്രീമതി. ഷിനി. പി.പി | വി.ഇ.ഒ, എട്ടൂർ സർക്കിൾ | 04-10-2023 | 31-03-2024 |
| ശ്രീ. അനീഷ്. കെ | വി.ഇ.ഒ, കീഴ്പ്പള്ളി സർക്കിൾ | 01-04-2023 | 27-07-2023 |
| ശ്രീ. ഷിന്റോ ജോസഫ് | വി.ഇ.ഒ, കീഴ്പ്പള്ളി സർക്കിൾ, അഡിഷനൽ ചാർജ്ജ് | 28-07-2023 | 31-07-2023 |
| ശ്രീ. ഷാജീവൻ. പി.പി | വി.ഇ.ഒ, കീഴ്പ്പള്ളി സർക്കിൾ | 01-08-2023 | 31-03-2024 |
| ഡോ. പ്രീയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി | 01-04-2023 | 30-06-2023 |
| ഡോ. അനി. പി.ടി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി | 01-07-2023 | 01-11-2023 |
| ഡോ. പ്രീയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി | 02-11-2023 | 31-03-2024 |
| ഡോ. എബി അബ്രഹാം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 24-03-2024 |
| ഡോ. താര. കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 25-03-2024 | 31-03-2024 |
| ഡോ. കെ. രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ശീതൾ ഡൊമനിക്ക് | വെറ്റിനറി സർജ്ജൻ | 01-04-2023 | 15-06-2023 |
| ഡോ. വിൻസി. പി | വെറ്റിനറി സർജ്ജൻ | 16-06-2023 | 31-03-2024 |
| ശ്രീ. അബ്ദുൽ ബഷീർ. എം. കെ | ഹെഡ് മാസ്റ്റർ | 01-04-2023 | 05-06-2023 |
| ശ്രീ. ബെന്നി. എൻ. ജെ | ഹെഡ് മാസ്റ്റർ | 06-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. അനിത. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 12-06-2023 |
| ശ്രീമതി. ജയമിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-06-2023 | 31-03-2024 |
| ശ്രീമതി. ഷീന. എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-07-2023 |
| ശ്രീ. ഷിന്റോ അലക്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2023 | 31-03-2024 |
| ശ്രീമതി. സരിത. കെ.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി രേഖ കെ.ജെ | കൃഷി ഓഫീസർ | 01-04-2023 | 07-06-2023 |
| ശ്രീ. കിരൺ കെ.എം. | കൃഷി ഓഫീസർ | 08-06-2023 | 17-06-2023 |
| ശ്രീ. ജോർജ്ജ് കെ.ജെ | കൃഷി ഓഫീസർ | 18-06-2023 | 27-06-2023 |
| ശ്രീമതി സുകിന പി | കൃഷി ഓഫീസർ | 28-06-2023 | 07-08-2023 |
| ശ്രീ. റാം മോഹൻ | കൃഷി ഓഫീസർ | 08-08-2023 | 31-03-2024 |
| ഡോ. ജോൺ ബിട്ടോ എ.എ. | മെഡിക്കൽ ഓഫീസർ, ആറളം ഫാം എഫ്.എച്ച്.സി | 01-04-2023 | 24-06-2023 |
| ഡോ. ആശിഷ് കെ.പി. | മെഡിക്കൽ ഓഫീസർ, ആറളം ഫാം എഫ്.എച്ച്.സി | 25-06-2023 | 15-07-2023 |
| ഡോ. അബ്ദുൾ ഖയും | മെഡിക്കൽ ഓഫീസർ, ആറളം ഫാം എഫ്.എച്ച്.സി | 16-07-2023 | 14-08-2023 |
| ഡോ. ജോസ് തോമസ് | മെഡിക്കൽ ഓഫീസർ, ആറളം ഫാം എഫ്.എച്ച്.സി | 15-08-2023 | 08-01-2024 |
| ഡോ. അശ്വതി എസ്.എ | മെഡിക്കൽ ഓഫീസർ, ആറളം ഫാം എഫ്.എച്ച്.സി | 09-01-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | സ്ഥിരനിക്ഷേപ തുക വാർഷിക ധനകാര്യപത്രികയും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് B-11(b) Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | ഗ്രാമസഭ | 1-10 |
| 22 | വസ്തു നികുതി പരിഷ്കരണം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11 |
| 23 | വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയയിൽ വ്യത്യസ്തമായി നൽകി | 1-12 |
| 24 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷം ഈടാക്കിയില്ല | 1-13 |
| 25 | വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല | 1-14 |
| 26 | വാടക ഈടാക്കുന്നതിലെ അപാകങ്ങൾ | 1-15 |
| 27 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 28 | ഐ കെ എം ന്റെ സാങ്കേതിക സഹായത്തിന് വിഹിതം നൽകൽ– വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹216898 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-17 |
| 29 | കണ്ണൂർ വിവര സഞ്ചയിക – പ്രവൃത്തി പൂർത്തിയായില്ല - ₹546180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 30 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 31 | എ ബി സി പ്രോഗ്രാം -ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |

| | | |
|---|---|---|
| 32 | ജൽജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ–തുടർവിവരം അറിയിക്കേണ്ടതാണ്. | 1-21 |
| 33 | ഗുണഭോക്തൃപട്ടികയിൽ അനർഹർ ഉൾപ്പെട്ടു-വിതരണം ചെയ്യാൻ സാധിക്കാതെ പോയ ഫർണ്ണിച്ചറുകൾ വിതരണം ചെയ്യേണ്ടതാണ്. | 1-22 |
| 34 | ഉന്നത പഠനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-അർഹരെ കണ്ടെത്തി ലാപ്ടോപ്പുകൾ വിതരണം ചെയ്യേണ്ടതാണ്. | 1-23 |
| 35 | സ്നേഹസ്പർശം വൃക്ക രോഗികൾക്ക് തുടർ ചികിത്സ-മരുന്നുകൾ ലഭ്യമായില്ല - ₹159993 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 36 | മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹67997 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 37 | ലാപ് ടോപ്പ് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹48276 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | സ്ഥിരം കൃഷി വ്യാപനം-മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല - ₹474030 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 39 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -അപാകങ്ങൾ: ₹275000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 40 | ലൈഫ് ഭവനപദ്ധതി (ജനറൽ): 60000 രൂപ അധികം അനുവദിച്ചു | 1-29 |
| 41 | ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല: ₹1,53,069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 42 | ഗ്യാസ് ശ്മശാനം നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. | 1-31 |
| 43 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. | 1-32 |
| 44 | ഇ ടെൻഡർ ഫീ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ അടവാക്കിയിട്ടില്ല | 1-33 |
| 45 | തനത് വരുമാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-34 |
| 46 | ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ് | 1-35 |
| 47 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-36 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ആറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12-07-2024 തീയതിയിലെ 1/1/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 12-07-2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ആറളം ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
23.12.2024.

### 1-1-1 ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുകയുമായി പൊരുത്തപെടുന്നില്ല.

Income Over Expenditure (Net Surplus) - ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ച തുക - ₹-15517358 യഥാർത്ഥ മിച്ചതുകയുമായി (₹-10555402 ബാലൻസ് ഷീറ്റിലേക്ക് കാരിഓവർ ചെയ്ത തുക) പൊരുത്തപ്പെടുന്നില്ല.

### 1-1-2 ദുരിതാശ്വാസ നിധി നീക്കിയിരിപ് പൊരുത്തപെടുന്നില്ല

ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധി നീക്കിയിരിപ്പും( ₹131893) B- 17 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധി അക്കൗണ്ടിലെ നീക്കിയിരിപ്പും (₹123093) പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ വായ്പ-വായ്പ തിരിച്ചടവ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

### 1-1-4 സ്ഥിരനിക്ഷേപ തുക വാർഷിക ധനകാര്യപത്രികയും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂളിലെ Investments And Fixed Deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക (₹6474541) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി (₹6474545) പൊരുത്തപ്പെടുന്നില്ല.

### 1-1-5 ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. ഭൂമിയുടെ മൂല്യമായി ബാലൻസ് ഷീറ്റിൽ (ബി-11 (E), Code-415120101 ) തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5642733 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹43464940 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചിട്ടുള്ള പ്രകാരം കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക(₹) |
|---|---|---|
| 110100101-Property Tax On Residential Buildings | **42301614/31-03-2024** | 2436996 |
| 10100102-Property Tax On Non Residential Buildings | 42301618/31-03-2024 | 2138224 |

| | | |
|---|---|---|
| 110200105- Profession Tax - Traders | 42301596 /31-03-2024 | 348370 |

## 1-1-10 വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം 31-03-2024 ന് വാടക ഇനത്തിൽ 171540 രൂപലഭിക്കാൻബാക്കിയുണ്ട്. പ്രസ്തുത തുക വാടകയിനത്തിൽ കിട്ടാനുള്ളതായി വാർഷിക ധനകാര്യപത്രിക B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-11 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് B-11(b) Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തി ഉണ്ടെങ്കിലും ആയതിന്റെ മൂല്യം ബാലൻസ് ഷീറ്റിലെ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ചേർത്തിട്ടില്ല.

## 1-2 ബജറ്റ്

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2023 തീയതിയിലെ 1/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 09-02-2024 ലെ 1/2024 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 33567635 | 43975234 |
| വരവ് | 603248005 | 332038046 |
| ആകെ | 636815640 | 376013280 |
| ചെലവ് | 632187109 | 316972316 |
| നീക്കിയിരിപ്പ് | 4628531 | 59040964 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (₹) | 43975234 |
| വരവ് (₹) | 78893887 |
| ആകെ (₹) | 122869121 |
| ചെലവ് (₹) | 84536620 |
| നീക്കിയിരിപ്പ് (₹) | 38332501 |
| വരവിനങ്ങളിലെ നഷ്ടം (₹) | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം (₹) | ഇല്ല |
| തടസ്സപ്പെടുത്തിയ തുക (₹) | 2341443 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 36652000 | 36652000 | 27613785 | 9038215 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 927000 | 927000 | 748795 | 178205 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 19252999 | 19252999 | 14440844 | 4812155 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 15073350 | 15073350 | 11399549 | 3673801 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6108600 | 6108600 | 5394842 | 713758 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 3849939 | 4552000 | 8401939 | 6477150 | 1924789 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 3430249 | 6778469 (6069000+ 709469) | 10208718 | 7301474 | 2907244 |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് | 244237 | 418482 | 662719 | 0 | 662719 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്ലോസ്റ്റിക്സ് | 430388 | 1004524 | 1434912 | 569901 | 865011 |
| സാക്ഷരത | 428178 | 17117 | 445295 | 0 | 445295 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 4185 | 102583970 | 102588155 | 102583234 | 4921 |
| എം.പി.എൽ.എ.ഡി | 55368 | 1956992 | 2012360 | 1889433 | 122927 |
| ശുചിത്വ മിഷൻ | 1510547 | 0 | 1510547 | 0 | 1510547 |
| ജലനിധി | 1505131 | 83462 | 1588593 | 0 | 1588593 |
| ഐ.സി.ഡി.എസ് | 6505149 | 2907247 | 9412396 | 2672340 | 6740056 |
| ടോട്ടൽ സാനിറ്റേഷൻ | 165600 | 0 | 165600 | 0 | 165600 |
| പട്ടികജാതി വികസനം | 126729 | 0 | 126729 | 0 | 126729 |
| Grants, Funds And Contributions For Specific Purposes-Other Purposes | 51334 | 1919320 | 1970654 | 1910400 | 60254 |
| Grants,Funds And Contributions For Specific Purposes-Other Government Agencies | 7727944 | 11614568 | 19342512 | 6131176 | 13211336 |
| Grants,Funds And Contributions For Specific Purposes-Capital | 7831041 | 0 | 7831041 | 0 | 7831041 |
| നിർമ്മൽ പുരസ്കാരം | 2755 | 0 | 2755 | 0 | 2755 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 274 | 215028453 | 202 | 116815830 | 52 | 72 | 150 | 54.74 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 10795806 | 7143160 | 66.17 |
| വെറ്റിനറി സർജ്ജൻ | 7 | 5 | 3736500 | 1788771 | 47.87 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 20 | 17 | 6728777 | 4635217 | 68.89 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 900000 | 751141 | 83.46 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 1 | 1240000 | 1200000 | 96.77 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 1 | 1 | 360000 | 358806 | 99.67 |
| വി.ഇ.ഒ | 3 | 3 | 55200000 | 29630000 | 53.68 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 13 | 9847414 | 7225975 | 73.38 |
| സെക്രട്ടറി | 59 | 36 | 19960535 | 9890030 | 49.54 |
| ഹെഡ് മാസ്റ്റർ | 11 | 9 | 2727000 | 2334623 | 85.61 |
| വി.ഇ.ഒ | 10 | 9 | 8439750 | 3754168 | 44.48 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 119 | 85 | 87611519 | 42742676 | 48.79 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2260000 | 1600822 | 70.83 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 9 | 5221152 | 3760441 | 72.02 |
| ആകെ | 274 | 202 | 215028453 | 116815830 | 54.33 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4185 | 1756680 | 1760865 | 1755944 | 4921 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 100827290 | 100827290 | 100827290 | 0 |
| ആകെ | 4185 | 102583970 | 102588155 | 102583234 | 4921 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3572800 | 272 |
| വിധവാപെൻഷൻ | 14641000 | 1194 |
| വാർദ്ധക്യകാലപെൻഷൻ | 34164500 | 2869 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5117200 | 408 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ | 606400 | 51 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2024 തീയതിയിൽ 3.35 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5313 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2023-24 വർഷം 2 തവണ മാത്രമാണ് ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതിയുടെ അധീഷണൽ ഗുണഭോക്തൃ ലിസ്റ്റ് സാധൂകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി രൂപീകരണം, മാലിന്യമുക്ത നവകേരളം, ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ആറളം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 3/11.12.2024) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 5 വാർഡുകളിൽ പരിശോധന നടത്തുകയും നിലവിൽ 3 വാർഡുകളുടെ ഫീൽഡ് പരിശോധന പൂർത്തിയായിട്ടുണ്ടെന്നും, 14 വാർഡുകളിൽ പരിശോധന പൂർത്തിയായി വരുന്നതായും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ വാർഡുകളിലെ കെട്ടിടങ്ങളുടെയും പരിശോധന പൂർത്തിയാക്കി നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം സഞ്ചയയിൽ വ്യത്യസ്തമായി നൽകി

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23 (എസ് ആർ ഒ നമ്പർ 479/2023) പ്രകാരം വ്യത്യസ്ത കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) :300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ):300 ച.മീ മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ:300 ച.മീറ്ററിന് വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ:300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |
| 5 | സ്വകാര്യ ഹോസ്റ്റലുകൾ | 40 | 70 |
| 6 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | | |
| (A) | 100 ച.മീ വരെ ഉള്ളവ | 40 | 70 |
| (B) | 100 ച.മീ മുകളിൽ 500 ച.മീ വരെ ഉള്ളവ | 60 | 80 |
| (C) | 500 ച.മീറ്ററിന് മുകളിലുള്ളവ | 80 | 100 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ആറളം ഗ്രാമപഞ്ചായത്തിന്റെ 14.09.2023 തീയതിയിൽ തീരുമാനം നമ്പർ 3 പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3,4,5,6(a),(B),(C)എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം ₹7,₹9,₹50,₹65,₹50,₹50,₹65,₹85 എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2023-24 കാലയളവിലെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര്/കെട്ടിട വിസ്തീർണം ച.മീ | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | സഞ്ചയ പ്രകാരം ഈടാക്കിയ വസ്തു നികുതി നിരക്ക് (₹) |
|---|---|---|---|---|---|
| 8/505 B | പുഞ്ചാൽ ജോളി 291.46 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 7 | 4 |

| | | | | | |
|---|---|---|---|---|---|
| 6/499 B C D E F G | കൊച്ചുപറമ്പിൽ മോളി എം.ടി 483.72 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | വാണിജ്യാ വശ്യത്തിനായി ഉപയോഗിക്കുന്നവ- 100 മീറ്ററിന് മകളിൽ 500 ച.മീറ്റർ വരെ ഉള്ളവ | 65 | 50 |
| 13/320 F G H I J K | നള്ളക്കണ്ടി അബ്ദുൾ ഹമീദ് 274.28 | പാർപ്പിടാവശ്യം- സ്വന്തം താമസ ത്തിന് ഉപയോഗി ക്കുന്ന പാർപ്പിട ങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരി കൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യ ത്തിനുള്ളവ: 300 ച.മീറ്ററിന് വരെയുള്ളവ | 50 | 7 |
| 12/290 A | കാപ്പാടൻ റഷീദ 132 | പാർപ്പിടാവശ്യം | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 7 | 4 |
| 14/294 A | ചാലിൽ സുമയ്യത്ത് 156.22 | പാർപ്പി ടാവശ്യം | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 7 | 4 |
| 15/372 G H I J | തിട്ടയിൽ ഷമീർ 189.4 | പാർപ്പി ടാവശ്യം- സ്വന്തം താമസ ത്തിന് ഉപയോഗി | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യ | 50 | 7 |

| | | | | | |
|---|---|---|---|---|---|
| | | ക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | ത്തിനുള്ളവ:300 ച.മീറ്ററിന് വരെയുള്ളവ | | |
| 11/94 A B C D | ടോം ജോസ് കാഞ്ഞിര ത്തിങ്കൽ 303.44 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാ രികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ മുകളിലുള്ളവ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തി നുള്ളവ: 300 ച.മീ മുകളിലുള്ളവ | 65 | 8 |
| 1/499 A B C D E F | തകിടിപ്പുറത്ത് ജെയിംസ് ജോൺ 494.4 | പാർപ്പിടാവശ്യം- സ്വന്തം താമസ ത്തിന് ഉപയോഗി ക്കുന്ന പാർപ്പിട ങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരി കൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ മുകളിലുള്ളവ | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യ ത്തിനുള്ളവ: 300 ച.മീ മുകളിലുള്ളവ | 90 | 75 |

ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ പുതിയ കെട്ടിട രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും തമ്മിൽ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/16.13.24) ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ് വെയർ ഓപ്പൺ ആകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളുടെയും അസ്സസ്സ്മെന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങളുടെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

## 1-13 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷം ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 ൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ മൊബൈൽ ടവറുകൾ പൊളിച്ച് കളഞ്ഞ അർദ്ധ വർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | VII/8 TCT | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2021 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2021 ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല. |
| 2 | 15/5 TCT | ഹച്ച് സൺ എസ്സർ സെല്ലുലാർ ലിമിറ്റഡ് | 2022 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ചു കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022 ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 വർദ്ധിപ്പിച്ച നിരക്കിൽ പിഴ ഈടാക്കിയില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും ഐ.എൽ.ജി,എം,എസ് പ്രകാരമുള്ള ചിട്ട രജിസ്റ്ററും പരിശോധിച്ചതിൽ ആറളം ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതിയിനത്തിൽ ഒരു അർദ്ധവർഷം നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നതിന് 2 ശതമാനം നിരക്കിൽ പിഴ ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാതിരുന്നാൽ സെപ്തംബർ 1 മുതലും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാതിരുന്നാൽ മാർച്ച് 1 മുതലും പിഴ ഈടാക്കേണ്ടതുണ്ട്. (സർക്കുലർ നമ്പർ 51457/എൻ.1/തഭവ/24.8.2000 കാണുക). 2023-2024 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയത് സംബന്ധിച്ച് നൽകിയ 10/12-12-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ ആണ് പിഴ ഈടാക്കിവരുന്നതെന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും പുതുക്കിയ നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-15 വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എടൂർ, കീഴ്പ്പള്ളി ഷോപ്പിംഗ് കോംപ്ലക്സുകളിൽ ആകെ എത്ര മുറികളുണ്ടെന്നും അതിൽ എത്ര മുറികളാണ് വാടകക്ക് നല്കിയതെന്നോ, എത്ര മുറികൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നോ ഉള്ള വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നില്ല. മുറികൾ വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനുമായി സെക്രട്ടറി ചമച്ച കാലികവും നിയമ പ്രാബല്യമുള്ളതുമായ കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 34/17.12.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കീഴ്പ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിൽ 11 മുറികൾ ഉണ്ടെന്നും ആയതിൽ 10 മുറികൾ ലേലം ചെയ്ത് നല്കിയിട്ടില്ലെന്നും, എടൂർ ഷോപ്പിംഗ് കോംപ്ലക്സിൽ 14 മുറികൾ ഉണ്ടെന്നും ആയതിൽ 3 മുറികൾ ലേലം ചെയ്ത് നല്കിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എല്ലാ മുറികളും വാടകക്ക് നല്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിക്കേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ബിൽഡിംഗ് ഡീറ്റയിൽസ് പരിശോധിച്ചതിൽ പഞ്ചായത്തു പരിധിയിൽ 17 അനധികൃത കെട്ടിടങ്ങൾ ഉള്ളതിൽ താഴെപ്പറയുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തു നികുതി ഈടാക്കാത്ത കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 13/313/A | ബിന്ദു | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 5/378 A | പുഷ്പ | 2019-20 ഒന്നാം അർദ്ധ വർഷം മുതല് |
| 3 | 5/378 B | ബീന എം കെ | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 5/378 C | സിന്ധു പി കെ | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 12/92 B | കമലാക്ഷി | 2020-21 ഒന്നാം അർദ്ധ വർഷം മുതൽ |

പ്രസ്തുത അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുകയോ ബിൽഡിംഗ് നമ്പർ നൽകുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. അനധികൃത കെട്ടിങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16.12.2024) നല്കിയ മറുപടിയിൽ ഫീൽഡ് പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവുന്നത്. നിയമവിധേയമല്ലാത്ത നിർമ്മാണങ്ങൾ തടയുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഐ കെ എം ന്റെ സാങ്കേതിക സഹായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹216898 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 27/24, ഐ കെ എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹216898 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹216898 ബിൽ നമ്പർ: 54/ 14-06-2023 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (57047023512) തുക ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേ വരെ ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹216898 തടസപ്പെടുത്തുന്നു.

## 1-18 കണ്ണൂർ വിവര സഞ്ചയിക - പ്രവൃത്തി പൂർത്തിയായില്ല - ₹546180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ജില്ലയുടെ സമഗ്രവിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാക്കുന്നതിന് ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന കണ്ണൂർ വിവര സഞ്ചയിക പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 195/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹1000000 (തനത് ഫണ്ട്) |
| ചെലവ് | ₹9280 ബിൽ നമ്പർ 489/ 06-03-2024<br>₹ 94440 ബിൽ നമ്പർ 671/26-03-2024<br>₹442460 ബിൽ നമ്പർ 627/25-03-2024<br>ആകെ ₹546180 |

ആസൂത്രണ പ്രക്രിയക്ക് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിച്ച് നൽകുകയും ചെയ്യുക, ആയത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ വെബ് അധിഷ്ഠിതമായി ക്രമീകരിക്കുക എന്നിവയാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ എന്യൂമറേറ്റർ വഴി കൃത്യമായ വിവരശേഖരണം നടത്തുന്നതിന് ഹോണറേറിയമായി അനുവദിച്ച ₹536900 യും മറ്റ് അനുബന്ധ ചെലവായ ₹9280യും ഉൾപ്പടെ ആകെ ₹546180 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമല്ല.

1. തയ്യാറാക്കിയ ഡാറ്റകൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പഞ്ചായത്ത് തല റിപ്പോർട്ട്

2. മോണിറ്ററിംഗ് കമ്മിറ്റി, പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട നിർവ്വഹണ ഘട്ടത്തിൽ അതായത് പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മോണിറ്റർ ചെയ്തതിന്റെ രേഖകൾ (സ ഉ (കൈ)നം.115/2022/ തസ്വഭവ/28-05-22 ഖ.14(3) പ്രകാരം )

3. സ ഉ (കൈ)115/2022/തസ്വഭവ/28-05-22 ഖ. 12.4 (1), (2) എന്നിവ പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം

4. പ്രൊജക്ട് പ്രകാരം നടത്തിയ വിവരശേഖരണം തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഏതെല്ലാം മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന വിവരം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/16-12-2024) ആറളം ഫാം വാർഡിലെ വിവരശേഖരണം പൂർത്തിയായിട്ടില്ലാത്തതിനാൽ ഡാറ്റാ അപ്രൂവ് ചെയ്യുന്നതിനോ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനോ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ₹546180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 31/24, സാമൂഹ്യ സുരക്ഷ മിഷൻ ഫണ്ട് |
| അടങ്കൽ | ₹300000 വികസന ഫണ്ട്, ജനറൽ |
| ചെലവ് | ₹300000 ബിൽ നമ്പർ: 55/14-06-2023 |

കേരള സാമൂഹ്യ സുരക്ഷ മിഷന് പ്രവർത്തന ഫണ്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് (701011400000134) ഗ്രാമപഞ്ചായത്ത് ₹300000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും ഇതേ വരെ ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റേയും കൈപ്പറ്റ് രശീതിയുടേയും അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എ ബി സി പ്രോഗ്രാം -ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ ബി സി പ്രോഗ്രാം -ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 280/24<br>എ ബി സി പ്രോഗ്രാം |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹ 100000<br>വൗച്ചർ നമ്പർ: 22300449/23-08-2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ (സാധാ) 2065/2022 തസ്വഭവ നമ്പർ ഉത്തരവ്

പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100000 രൂപ കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/16-12-2024) മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 ജൽജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ-തുടർവിവരം അറിയിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണിത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 203/24, ജൽജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹115000 (തനത് ഫണ്ട്) |
| ചെലവ് | ₹9200 ബിൽ നമ്പർ: 91/14-07-2023 |

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ശ്രീ.മുല്ലശ്ശേരിക്കുന്നേൽ വർഗ്ഗീസ് എന്നവരുടെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് 5100 രൂപയും ശ്രീമതി.മേരി ചേന്നാംകുളത്ത് എന്നവരുടെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് 4100 രൂപയും ഉൾപ്പെടെ ആകെ 9200 രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനം, നിലവിലെ സ്ഥിതി വിവരം എന്നിവ സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-12-2024) ജലജീവൻ മിഷൻ പദ്ധതി പൈപ്പിടൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും 2025 ഡിസംബറിൽ കമ്മീഷൻ ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ തുടർവിവരം അറിയിക്കേണ്ടതാണ്.

**1-22 ഗുണഭോക്തൃപട്ടികയിൽ അനർഹർ ഉൾപ്പെട്ടു-വിതരണം ചെയ്യാൻ സാധിക്കാതെ പോയ ഫർണ്ണിച്ചറുകൾ വിതരണം ചെയ്യേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഹെഡ് മാസ്റ്റർ. |
| പ്രൊജക്ട് നമ്പർ/പേര് | 86/24, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ |
| അടങ്കൽ | ₹100000 (വികസന ഫണ്ട് ടി.എസ്.പി) |
| ചെലവ് | ₹98364 (ബിൽ നമ്പർ: 23220652010001303133/01.3.2024) |

മേൽ പ്രൊജക്ട് പ്രകാരം കോഴിക്കോട്, ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 21 മേശകളും കസേരകളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം-സ്പെസിഫിക്കേഷൻ | എണ്ണം | നിരക്ക് (₹) | ആകെ വില (₹) |
|---|---|---|---|
| മേശ(with Drawer And Cup Board ,18 Mm,Novopan Top,Powder Coated Paint 18 Gauge | 21 | 3242 | 68082 |
| കസേര(with Armed Cushioned Seat And Back HR -18 Gauge) | 21 | 1442 | 30282 |

മുകളിൽ കാണിച്ചിരിക്കുന്ന പ്രകാരം 21 വിദ്യാർത്ഥികൾക്കാണ് മേശയും കസേരയും വാങ്ങിയിട്ടുള്ളതെങ്കിലും 20 പേർക്ക് മാത്രമാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്. ഒരു വിദ്യാർത്ഥി ഹാജരാക്കിയ സ്കൂൾ സർട്ടിഫിക്കറ്റ് 2023-24

വർഷത്തേത് അല്ലാതിരുന്നതിനാൽ ഒരു മേശയും കസേരയും വിതരണം ചെയ്യാതെ അവശേഷിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യാഗസ്ഥൻ അറിയിക്കുകയുണ്ടായി.

കൂടാതെ 2022-23 വർഷത്തെ 208/23 നമ്പർ പ്രൊജക്ട് പ്രകാരം വാങ്ങി, വിതരണം ചെയ്യാതെ അവശേഷിച്ച 21 മേശകളും കസേരകളും കൂടി ഈ വർഷത്തെ ഗുണഭോക്തൃപട്ടികയിലുള്ള വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 12.3.2024 ലെ തീരുമാനം നം.2 പ്രകാരം നിർവ്വഹണ ഉദ്യാഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയും ഓഡിറ്റ് വർഷം വിതരണം ചെയ്യപ്പെട്ടിട്ടില്ല.
ഗുണഭോക്തൃ പട്ടികയിൽ അയോഗ്യരായവർ ഉൾപ്പെടുവാനുണ്ടായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. അയോഗ്യരായവരെ ഉൾപ്പെടുത്തി ഗുണഭോക്തൃപട്ടിക തയ്യാറാക്കിയത് പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ)84/2022/തസ്വഭവ തി.19.4.2022) 12.3 വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിക്കുകയുണ്ടായി. അവശേഷിക്കുന്ന 22 മേശകളും കസേരകളും ഇപ്രകാരം വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഉന്നത പഠനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-അർഹരെ കണ്ടെത്തി ലാപ്ടോപ്പുകൾ വിതരണം ചെയ്യേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/ പേര് | 99/24, ഉന്നതപഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | ₹500000, (വികസന ഫണ്ട് ടി.എസ്.പി) |
| ചെലവ് | ₹76398 ബിൽ നമ്പർ- 333/18.01.2024<br>₹76398 ബിൽ നമ്പർ- 334/18.01.2024<br>₹76398 ബിൽ നമ്പർ- 341/26.01.2024<br>₹76398 ബിൽ നമ്പർ- 342/26.01.2024<br>₹76398 ബിൽ നമ്പർ- 367/06.02.2024<br>₹76398 ബിൽ നമ്പർ- 368/06.02.2024<br>₹38199 ബിൽ നമ്പർ- 421/20.02.2024<br>ആകെ: ₹496587 |

മേൽ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ചാലക്കുടിയിലുള്ള CAZADORZ TRADERS എന്ന സ്ഥാപനത്തിൽനിന്നും 13 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. (Core I3,11Gen 8GB Ram 512GB SSD). എന്നാൽ പ്രൊജക്ടിന്റെ ഗുണഭോക്തൃ പട്ടികയിൽ 31 പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 10 വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ് ടോപ്പുകൾ വിതരണം ചെയ്തതായി വിതരണ പട്ടികയിലുള്ളത്. ഗുണഭോക്തൃപട്ടികയിൽ അവശേഷിക്കുന്നവർ യോഗ്യതയുള്ളവർ അല്ലാതിരുന്നതിതിനാലാണ് ഇവ വിതരണം ചെയ്യാൻ കഴിയാതെ പോയതെന്നും യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി തരുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും നിർവ്വഹണോദ്യാഗസ്ഥൻ അറിയിക്കുകയുണ്ടായി. ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുന്നവർ പലരും അനർഹരാണെന്ന് നിർവ്വഹണ ഉദ്യാഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പദ്ധതി മാർഗ്ഗരേഖ (സ ഉ (കൈ)നം.84/2022/ തസ്വഭവ തി.19.4.2022) ഖണ്ഡിക 12.3 ൽ അനുശാസിക്കുന്ന പ്രകാരം തന്നെ നടപ്പാക്കപ്പെടുന്നുവെന്ന് ഭരണസമിതിയും നിർവ്വഹണ ഉദ്യഗസ്ഥനും ഉറപ്പ് വരുത്തേണ്ടതാണ്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ലാപ് ടോപ്പുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സ്നേഹസ്പർശം വൃക്ക രോഗികൾക്ക് തുടർ ചികിത്സ-മരുന്നുകൾ ലഭ്യമായില്ല - ₹159993 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി |
| പ്രൊജക്ട് നമ്പർ/പേര് | 45/24, സ്നേഹസ്പർശം വൃക്ക രോഗികൾക്ക് തുടർ ചികിത്സ 2023-24 |
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ്/ബിൽ നമ്പർ, തീയതി | ₹159993 ബിൽ നമ്പർ: 313/15-01-2024<br>₹39861 ബിൽ നമ്പർ: 535/20-03-2024<br>ആകെ: ₹199854 |

പ്രൊജക്ടിന്റെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രഫോർമ ഇൻവോയിസ് നമ്പർ PRF2986/04-1-2024 ന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 313/15-01-2024 പ്രകാരം ₹159993 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. മരുന്ന് ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/16-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹159993 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹67997 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- സി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 47/24, സമുന്നയ സാന്ത്വനപരിചരണം |
| അടങ്കൽ | ₹821208 (വികസനഫണ്ട് ജനറൽ)<br>₹300000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>₹ 1121208 |
| ചെലവ് | ₹782879 (വികസനഫണ്ട് ജനറൽ)<br>₹280087 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>ആകെ: ₹ 1062966 |
| ബിൽ നമ്പർ, തീയതി, തുക | 70/ 24-06-2023 – 85300<br>123/17-08-2023 -43960<br>179/ 02-11-2023 -42510<br>205/ 16-11-2023 – 84280<br>208/16-11-2023- 264930<br>230/ 29-11-2023- 41310<br>257/ 08-12-2023 - 67997<br>265/18-12-2023 - 161265<br>266/ 18-12-2023 -50000<br>284/ 26-12-2023- 47254<br>350/ 31-01-2024 -68120<br>409/15-02-2024- 53120<br>611/25-03-2024- 52920 |

പ്രൊജക്ടിന്റെ ഭാഗമായി ബിൽ നമ്പർ 257/08-12-2023 പ്രകാരം 67997 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിന് Proforma Invoice No.PRF2425/02-12-2023-ന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ

ലഭ്യമാക്കാത്തതിനാൽ ₹67997 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ലാപ് ടോപ്പ് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല - ₹48276 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-സി എച്ച് സി |
| പ്രൊജക്ട് നമ്പർ/ പേര് | 276/24, ആറളം ഫാം എഫ് എച്ച് സി യിലേക്ക് ലാബ് സൗകര്യങ്ങൾ ഒരുക്കൽ |
| അടങ്കൽ | ₹457953 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹48276 ബിൽ നമ്പർ 509/ 14-03-2024 |

ആറളം ഫാം എഫ് എച്ച് സി യിലേക്ക് ലാബ് സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി 2023-24 വർഷം ലാപ് ടോപ്പ് വാങ്ങുന്നതിന് കെൽട്രോണിന് പ്രഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/54172/23-24 Dtd 05-03-2024 പ്രകാരം ₹ 48276 നൽകിയിട്ടുണ്ട്. ലാപ് ടോപ്പ് ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/17-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ് ടോപ്പ് ലഭ്യമായതിന്റെ രേഖകൾ ലഭ്യമക്കാത്തതിനാൽ ₹48276 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 സ്ഥിരം കൃഷി വ്യാപനം-മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല - ₹474030 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 14/24, സ്ഥിരം കൃഷി വ്യാപനം |
| അടങ്കൽ | ₹300000 (വികസനഫണ്ട് ജനറൽ)<br>₹300000 (തനത് ഫണ്ട്)<br>₹375000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ ₹975000 |
| ചെലവ് | ₹300000 (വികസനഫണ്ട് ജനറൽ)<br>₹300000 (തനത് ഫണ്ട്)<br>₹375000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ ₹975000 |
| ചെലവ് തുക/ബിൽ നമ്പർ/തീയതി | ₹53450 23220652012701088483/18-01-2024<br>₹26950 23220652012701223955/15-02-2024<br>₹40550 5116300201230088/29-02-2024<br>₹78500 5116300201230087/23-02-2024<br>₹77700 23220652012701223947/15-02-2024<br>₹74100 23220652012701262720/23-02-2024<br>₹41580 23220652012701309204/23-02-2024 |

| | |
|---|---|
| | ₹26220 23220652012701420724/20-03-2024<br>₹99030 5116300201230089/29-02-2024<br>₹81920 5116300201230090 /29-02-2024<br>₹375000 23220652012701535909/25-03-2024 |

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ) പ്രൊജക്ടിന്റെ ഭാഗമായി 29-02-2024 -ലെ ബിൽ 5116300201230089-ലെ-99030 രൂപ നെൽ വിത്ത് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് നൽകുകയും ഇൻവോയ്സ് നമ്പർ 514/2023-24 തീയതി 26-09-2023 പ്രകാരം 960 (42x960) കിലോ ഉമ നെല്ല് വിത്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നെൽ വിത്ത് വിതരണം ചെയ്തതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) പ്രൊജക്ടിന്റെ ഭാഗമായി 25-03-2024-ലെ ബിൽ 23220652012701535909 പ്രകാരം 375000 രൂപ വിവിധ പാടശേഖരങ്ങളിൽ രണ്ടാം വിള നെൽ കൃഷി ചെയ്തതിനുള്ള കൂലിചെലവ് സബ്സിഡിയായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പാടശേഖരസമിതികളുടെ പേര് | അനുവദിച്ച തുക (₹) |
|---|---|---|
| 1 | ചെടികുളം കൊക്കോട് പാടശേഖരസമിതി | 53450 |
| 2 | ഇടവെള്ളി പാടശേഖര നെൽ ഉല്പാദക സമിതി | 74100 |
| 3 | കുവയൽ പാടശേഖര നെൽ കർഷക സമിതി | 34450 |
| 4 | ആറളം ഉരുപ്പുംക്കുണ്ട് കാർഷിക കർമ്മസേന | 77700 |
| 5 | ഓടക്കൽ പാടശേഖര സമിതി | 135300 |
| ആകെ | | 375000 |

പാടശേഖര സമിതികൾ തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നെൽ വിത്ത് വിതരണം ചെയ്തതിന്റേയും പാടശേഖര സമിതികൾ തുകകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 474030 (375000+99030) രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -അപാകങ്ങൾ: ₹275000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, എടൂർ സർക്കിൾ |
| പ്രൊജക്ടിന്റെ നമ്പർ/ പേര് | 76/24, ഭവനം വാസയോഗ്യമാക്കൽ ജനറൽ 2023-24 |
| അടങ്കൽ | ₹1700000 ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | ₹ 850000 ബിൽ നമ്പർ : 403/14.02.2024<br>₹ 250000 ബിൽ നമ്പർ : 531/20.03.2024<br>₹ 50000 ബിൽ നമ്പർ : 549/21.03.2024<br>₹ 50000 ബിൽ നമ്പർ : 613/25.03.2024<br>₹ 150000 ബിൽ നമ്പർ : 651/25.03.2024<br>₹ 50000 ബിൽ നമ്പർ : 694/30.03.2024<br>ആകെ : ₹ 1400000 |

മേൽ പ്രൊജക്ട് പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി ₹100000 അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ എൽ എസ് ജി ഡി ഓവർസിയറുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് പ്രകാരം വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി.ഒ.(എം.എസ്.) നമ്പർ 115/2022/തസ്വഭവ,തീയതി 28.05.2022 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 (3) പ്രകാരം മേൽക്കൂര മാറ്റൽ എന്ന പ്രവൃത്തിക്ക് ജനറൽ വിഭാഗങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി തുക ₹75000 യാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | മറിയം | ₹100000 | ₹75000 | ₹25000 |
| 2 | ശ്രീജ എം | ₹100000 | ₹75000 | ₹25000 |
| 3 | രാമചന്ദ്രൻ | ₹100000 | ₹75000 | ₹25000 |
| 4 | പാർവതി | ₹100000 | ₹75000 | ₹25000 |
| 5 | ശ്രീധരൻ | ₹100000 | ₹75000 | ₹25000 |
| 6 | ഷാന്റി | ₹100000 | ₹75000 | ₹25000 |
| 7 | പരമേശ്വരൻ | ₹100000 | ₹75000 | ₹25000 |
| 8 | സേവ്യർ | ₹100000 | ₹75000 | ₹25000 |
| 9 | മേരി | ₹100000 | ₹75000 | ₹25000 |
| 10 | അന്നമ്മ | ₹100000 | ₹75000 | ₹25000 |
| 11 | റൈഹാനത്ത് | ₹100000 | ₹75000 | ₹25000 |
| | ആകെ | | | ₹275000 |

ഇത് സംബന്ധിച്ച് 8/12-12-2024 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ മേൽക്കൂര മാറ്റൽ പ്രവൃത്തിയോടൊപ്പം മറ്റു പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച മുഴുവൻ രേഖകളും ഉറപ്പുവരുത്താതെ പദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല. ആയതിനാൽ മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹275000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ലൈഫ് ഭവനപദ്ധതി (ജനറൽ): 60000 രൂപ അധികം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കീഴ്പ്പള്ളി സർക്കിൾ |
| പ്രൊജക്ട് നമ്പർ പേര് | 16/24 ലൈഫ് ഭവനപദ്ധതി ജനറൽ 2023-24 |
| അടങ്കൽ | ₹ 73,30,400 (വികസന ഫണ്ട് -പൊതുവിഭാഗം)<br>₹ 1,00,00,000 (സംസ്ഥാനാവിഷ്കൃത വിഹിതം)<br>₹ 16,69,600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 10,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹ 2,20,00,000 (ഹഡ്കോ വായ്പ)<br>ആകെ :₹ 42000000 |
| ചെലവ് | ₹ 7330000 (വികസന ഫണ്ട് -പൊതുവിഭാഗം)<br>₹ 1840000 (സംസ്ഥാനാവിഷ്കൃത വിഹിതം)<br>₹ 1660000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 10900000 ((ഹഡ്കോ വായ്പ)<br>ആകെ : ₹ 21730000 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 115/2022/തസ്വഭവ തീയതി 28/5/2022 ഖ 6.7 (1) പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹4,00,000 യാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ അനുസരിച്ച് മേൽ പ്രൊജക്ട് പ്രകാരം പൊതുവിഭാഗത്തിൽപ്പെടുന്ന ചിന്നമ്മ എന്ന ഗുണഭോക്താവിന് ഭവന നിർമാണത്തിനായി ആകെ ₹4,60,000 അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന്

അനുവദനീയമായതിൽ കൂടുതൽ തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | IFSC / അക്കൗണ്ട് നമ്പർ | നൽകിയ തുക / ഫണ്ടിനം | ബിൽ/ചെക്ക് നമ്പർ/ തീയ്യതി |
|---|---|---|---|
| ചിന്നമ്മ, ഈഴറത്ത് | CNRB 0000728/ 725974655069 (കാനറ ബാങ്ക്, ഇരിട്ടി) | ₹ 1,00,000 / ഹഡ്കോ ലോൺ | 32/30.09.2023 |
| | | ₹ 1,00,000 / ഹഡ്കോ ലോൺ | 38/7.11.2023 |
| | | ₹ 1,00,000 / വികസന ഫണ്ട് | 239/04.12.2023 |
| | | ₹ 1,00,000 / ഹഡ്കോ ലോൺ | 53/08.02.2024 |
| | | ₹ 60000 /വികസന ഫണ്ട് | 3/21.08.2024 |

2024-25 ലാണ് അധിക തുകയാണ് 60000 രൂപ ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. മേൽ അപാകം സംബന്ധിച്ച് 7/12.12.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ശ്രീമതി.ചിന്നമ്മ, ഈഴറത്ത് എന്നവർക്ക് അധികമായി അനുവദിച്ച 60000 രൂപ തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല: ₹1,53,069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 269/24 ആറളം ഫാം ഹോമിയോ ആശുപത്രി, ആറളം ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,80,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,80,000 ബിൽ നമ്പർ: 371/07-02-2024 |

മേൽ പ്രോജക്ട് പ്രകാരം ആറളം ഫാം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹2,30,000 യും ആറളം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,50,000 യും ഉൾപ്പെടെ ആകെ ₹3,80,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ആറളം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി നല്കിയ ₹1,50,000 യുടെ മുഴുവൻ മരുന്നുകളും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആറളം ഫാം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി നല്കിയ ₹2,30,000 യിൽ ₹76931 യുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമേ പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി ₹1,53,069 (2,30,000-76931) യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും, ഇല്ലെങ്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/16-12-2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹1,53,069 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഗ്യാസ് ശ്മശാനം നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ വീർപ്പാട് എന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന ശ്മശാനത്തിൽ റെയ്ഡ്കോ മുഖേന ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിർമ്മാണം 2023-24 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അസി.എഞ്ചിയീർ നിർവ്വഹണോദ്യാഗസ്ഥനായി നിർവ്വഹിച്ച ഈ പ്രൊജക്ടിനായി താഴെ പറയും പ്രകാരം വിവിധ വർഷങ്ങളിലായി 32,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | തുക | ബിൽ നം./തിയ്യതി |
|---|---|---|
| 137/22 | ₹1600000 | 21220652011700973754/19.1.2022 |
| 258/23 | ₹1280000 | 22220652011700285456/7.7.2022 |

| | | |
|---|---|---|
| 295/24 | ₹3,20,000 | 483/4.3.2024 |
| ആകെ | ₹3200000 | |

ക്രിമറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് അസി.എഞ്ചിനീയർ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി. നിലവിൽ ഗ്രാമപഞ്ചായത്ത് തീരുമാനം 5/11.6.2024 ആയി ക്രിമറ്റോറിയം ഉപയോഗിക്കുന്നതിനുള്ള ഫീസായി പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക് 2500 രൂപയും മറ്റ് വിഭാഗങ്ങളിൽ പെട്ടവർക്ക് 4500 രൂപയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലയെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി അറിയിക്കുകയുണ്ടായി.

1) ക്രിമറ്റോറിയം പ്രവർത്തനം സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല.

2) ക്രിമറ്റോറിയത്തിൽ ഉപയോഗിക്കുന്ന ഗ്യാസ് സിലിണ്ടർ ഉൾപ്പെടെയുള്ള ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ക്രിമറ്റോറിയം നിർമ്മാണത്തിന്റെ ഭാഗമായി റെയ്ഡ്കോയുമായി ചമച്ചിരിക്കുന്ന കരാർ ഉടമ്പടി പ്രകാരം (AE/LSGD/ARALAM/41/2021-22തി.4.1.2022) വാറണ്ടി കാലയളവ് 1 വർഷമായിരിക്കുമെന്നും ഇക്കാലയളവിൽ 4 തവണ സൌജന്യമായി സർവ്വീസ് ലഭ്യമാക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റെയ്ഡ്കോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്തുകളിൽ ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള ഏജൻസികളായി അംഗീകരിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി.5/7507/11 സി ഇ /എൽ.എസ്.ജി. ഡി തി.25.01.2020 സർക്കുലർ പ്രകാരം സേവന ദാതാക്കൾ 5 വർഷം വാറണ്ടി കാലയളവ് നൽകണമെന്നും ഇക്കാലയളവിൽ മൂന്ന് മാസത്തിലൊരിക്കൽ ക്രിമറ്റോറിയം പരിശോധിച്ച് പ്രവർത്തന ക്ഷമത ഉറപ്പാക്കുകയും ചെയ്യേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5 വർഷത്തിന് ശേഷം വർഷത്തിലൊരിക്കൽ ഇത്തരം പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾക്കുള്ള നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന് നിർബ്ബന്ധമായും നൽകേണ്ടതുമാണ് എന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. ഈ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാർ റെയ്ഡോകോയുമായി ഗ്രാമപഞ്ചായത്ത് ചമച്ചിട്ടില്ല.

ബൈലോ, സ്റ്റോക്ക് രജിസ്റ്റർ, റെയ്ഡ്കോയുമായുള്ള അറ്റകുറ്റപ്പണികൾ സംബന്ധിച്ച കരാർ എന്നിവ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.13/13.12.2024) ലഭ്യമാക്കിയ മറുപടിയിൽ അറിയിക്കുകയുണ്ടായി. ഇവ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാത്തത് സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-01-2020ലെ സർക്കുലർ നമ്പർ എസി 1/125/2019/തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല എന്ന് വ്യക്തമാവുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/16-12-2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പായി തുടരുന്ന ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയേയും ഭരണസമിതിയേയും ബോധ്യപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-33 ഇ ടെൻഡർ ഫീ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ അടവാക്കിയിട്ടില്ല

ഇ ടെൻഡർ ഫീ സ്വീകരിക്കുന്നതിനായി എസ്.ബി.ഐ യുടെ ഇരിട്ടി ബ്രാഞ്ചിൽ അസി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയിരിക്കുന്ന അക്കൗണ്ട് നം.37177083776 ന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയത് പ്രകാരം 465126 രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. അക്കൗണ്ട് തുടങ്ങിയതിന് ശേഷം നാളിതുവരെ യാതൊരു തുകയും പിൻവലിച്ച് ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ലയെന്ന് അസി.എഞ്ചിനീയർക്ക് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/17.12.2024) മറുപടിയായി അറിയിക്കയുണ്ടായി. അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക താമസം വിനാ

പിൻവലിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 തനത് വരുമാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ എസ് ബി ഐ ഇ പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ -37066639094) 31-03-2024 ന് 2064131 രൂപ നീക്കിയിരിപ്പുണ്ട്. വസ്തുനികുതി ഇ-പേയ് മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തി വരികയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ്(₹) | | |
|---|---|---|---|
| | 31-03-2022 | 31-03-2023 | 31-03-2024 |
| എസ് ബി ഐ ഇ പേയ്മെന്റ് (അക്കൗണ്ട് നമ്പർ -37066639094) | 1,957,170 | 3115042 | 2064131 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/17-12-2024) ഭരണസമിതി തീരുമാനം ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ രീതിയിൽ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയ ഗ്രാമപഞ്ചായത്ത് തനത് വരുമാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 ആസ്തി പരിപാലനം-കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി) 166/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ് മെന്റ് മാന്വലിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ടതുമായ ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നമ്പർ 6.8 ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി മിനുട്സും ആസ്തി സംരക്ഷണ പദ്ധതി രേഖയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/11.12.2024) മറുപടി നല്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-36 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിക്കുന്ന

നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

ആറളം ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി 7420 വീട്ടുകളും 440 വ്യാപാര, വ്യവസായ കെട്ടിടങ്ങളും ഉണ്ട്. ഇതിൽ 5350 വീടുകളും 324 വ്യാപാര സ്ഥാപനങ്ങളും ആണ് യൂസർ ഫീ അടവാക്കി ഹരിതകർമ്മസേനയോട് സഹകരിക്കുന്നത്. 34 ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഭൂരിഭാഗം വാസഗൃഹങ്ങളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ ആണ് എം.സി.എഫ് സ്ഥിതി ചെയ്യുന്നത്. എം.സി.എഫിൽ ഒരു ഹാൾ, വിശ്രമമുറി, ടോയ്‌ലറ്റ് എന്നിവ ഉൾപ്പെടുന്നു. ഇവിടെ കളക്ഷൻ, സോർട്ടിംഗ് എന്നിവ മാത്രമാണ് നടക്കുന്നത്. ബെയിലിംഗ് മെഷീൻ എം സി എഫിൽ സ്ഥാപിച്ചിട്ടുണ്ട്. വാർഡുകളിൽ മിനി എം.സി.എഫ്, പെറ്റ് ബോട്ടിൽ കളക്ഷൻ ബിൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

<u>ഹരിതകർമ്മസേന പ്രവർത്തനങ്ങൾ</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)നം.1496/2020 പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. 34 ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ 9200 സ്ഥലങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ച് അതിലൂടെയുള്ള ഫീസ് പിരിവ് സാധ്യമാക്കിയിട്ടുണ്ട്. വീടുകളിൽനിന്നും 50 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. യൂസർഫീ കാർഡ് തൻവർഷം ഏർപ്പെടുത്തിയിട്ടുണ്ട്. വീടുകളിൽ കലണ്ടർ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. കലണ്ടർ അടിസ്ഥാനത്തിൽ ആണ് എല്ലാ മാസവും മാലിന്യം ശേഖരിക്കുന്നത്. ഉപഭോക്താക്കൾക്ക് ബിന്നുകളോ, ബാസ്കറ്റുകളോ നല്കിയിട്ടില്ല. നിലവിൽ എല്ലാ വാർഡിലും രണ്ട് വീതം മിനി എം.സിഎഫുകൾ ഉണ്ട്. ആറാം വാർഡിൽ 8 മിനി എം.സി.എഫുകൾ ഉണ്ട്. മറ്റു വാർഡുകളിൽ ഒന്ന് വീതം മിനി എം.സി.എഫുകൾ കൂടി ആവശ്യമാണ്. തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം ആവശ്യമായ മിനി എം.സി.എഫുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 16.05.2022 ലെ സ.ഉ.(സാധാ) നം.1227/2022/LSGD പ്രകാരമുള്ള ഗാർഹിക ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ബയോമെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് പഞ്ചായത്ത് പരിധിയിലുള്ള ഹോസ്പിറ്റലുകൾ ഇമേജ് ഏജൻസി മുഖാന്തിരം മാലിന്യം നീക്കം ചെയ്യുന്നുണ്ട്. സാനിറ്ററി നാപ്കിൻ/പാഡ് ഇൻസിനേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വലിച്ചെറിയൽ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ പദവി കൈവരിച്ചിട്ടുണ്ട്. കുട്ടികളിൽ ശുചിത്വ അവബോധം ഉണ്ടാക്കുന്നതിനും, സ്കൂളുകളിൽ ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും ഗ്രീൻ പോലീസ് കേഡറ്റ് എന്ന നൂതന പദ്ധതി നടപ്പിലാക്കിയിട്ടില്ല. സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിലേക്ക് ജനപങ്കാളിത്തത്തോടെ ഹരിതസഭ നടത്തിയിട്ടുണ്ട്. ഹരിത ഓഡിറ്റ്, ഹരിതസഭ സോഷ്യൽ ഓഡിറ്റ് എന്നിവ നടത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളുടെ (വ്യാപാര സ്ഥാപനം, ക്ലബ്ബുകൾ, ഹോട്ടൽ, മൊബൈൽ വർക്ക്ഷോപ്പുകൾ) യോഗം വിളിച്ച് ചേർത്ത് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഗ്രാമസഭകളിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ട്. വാർഡ്തല നവമാധ്യമ കൂട്ടായ്മകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. (എല്ലാ മാസവും വിജിലൻസ് സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വീഴ്ച വരുത്തുന്നവർക്ക് നോട്ടീസ് നൽകി പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്).

2023-24 വർഷം 160099 കിലോഗ്രാം മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് 37486 K G തരം തിരിച്ച മാലിന്യവും 21480 KG ലഗസി വേസ്റ്റും കൈമാറുകയും ചെയ്തതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ ₹ 3192750 യും ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ₹ 189000 യും മാലിന്യം/ പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ₹ 35913 യും ലഭിച്ചിട്ടുണ്ട്. ലഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് ₹ 154200 (C K C L) നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്. എൻ.എസ്.എസ്, ക്ലബ്ബുകൾ, ഹരിത കർമ്മസേന എന്നിവരുടെ സഹകരണത്തോടെ 2 സ്നേഹാരാമങ്ങൾ (Dump Site To Clean Site) തയ്യാറാക്കി പരിപാലിച്ച് വരുന്നു. പഞ്ചായത്ത്തല ശുചീകരണം, വാർഡ്തല ശുചീകരണം, മഴക്കാലപൂർവ്വ ശുചീകരണം ബഹുജനപങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ട്. പുഴ നടത്തത്തിലൂടെ ജലസ്രോതസ്സുകളിലെ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. യൂണിഫോം 2 ജോഡി, തൊപ്പി, ഗ്ലൗസ്, ഷൂസ്, ഹരിതകർമ്മ സേനയ്ക്ക് വാഹനം, കുടുംബശ്രീയുമായി ചേർന്ന് ഹരിതകർമ്മ സേനയ്ക്ക് ഇൻഷുറൻസ് എന്നിവ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യം, മാലിന്യ നിർമ്മാർജ്ജനം, തുടങ്ങിയ ഇനങ്ങളിലെ ചെലവ് വിവരം

താഴെ കൊടുക്കുന്നു.

| നമ്പർ | ഇനം | ചെലവ് |
|---|---|---|
| 1 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം | 420000 |
| 2 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | 154300 |
| 3 | ഹരിത കർമ്മസേന യൂസർഫീ ഇനത്തിൽ ഇളവ് നൽകിയവരുടെ ഫീ നൽകൽ | 473300 |
| 4 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 151208 |
| 5 | ഹരിത കർമ്മസേനയ്ക്ക് യൂണിഫോമും അനുബന്ധ ഉപകരണങ്ങളും നല്കൽ | 57360 |
| | ആകെ | 1256168 |

കുപ്പി, തെർമോക്കോൾ, ഗുളിക സ്ട്രിപ്പ്, തുണി, ചെരുപ്പ് മുതലായവ ശേഖരിക്കുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളുമായി ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടില്ല. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽട്ട് എന്നിവ ഇല്ല (വാർഡുകളിൽ നിന്നും തരം തിരിച്ചാണ് പ്ലാസ്റ്റിക്കുകൾ എം.സി.എഫിൽ എത്തിക്കുന്നത്) ടിപ്പിംഗ് ഏരിയ ഇല്ല. സോർട്ടിംഗ് ഏരിയ ഉണ്ട്. ആവശ്യമായ വിസ്തൃതി (45 ച.മീ) എം.സി.എഫിൽ ഇല്ല. വൈദ്യുതി കണക്ഷൻ ഉണ്ട്. വേയിംഗ് മെഷീൻ, ടോയ്ലറ്റുകൾ, ഡ്രസ്സിംഗ് റൂം, ഓഫീസ് റൂം എന്നിവ എം.സി.എഫിൽ ഉണ്ട്. രണ്ടാഴ്ച്ചയിൽ ഒരു പ്രാവശ്യം വാർഡുകളിലെ മിനി എം.സി.എഫുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സമയക്രമം കൃത്യമായി പാലിക്കാൻ സാധിക്കുന്നില്ല. കാരണം ഒരു മാസം എം.സിഎഫിൽ എത്തുന്ന മാലിന്യം പൂർണ്ണമായും നീക്കം ചെയ്യാൻ കഴിയാത്തതിനാൽ മിനി എം.സിഎഫിൽ നിന്ന് പൂർണ്ണമായും മാലിന്യം എം.സിഎഫിലേക്ക് എത്തിക്കാൻ സാധിക്കാറില്ല. കൺസോർഷ്യം വരവ് – ചെലവ് കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഹരിത ഓഡിറ്റിംഗ് നടത്തി സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

34 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മ സേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാലിന്യ ശേഖരണത്തിനും മാലിന്യം തരം തിരിക്കുന്നതിനും പ്രത്യേകം ദിവസം നിശ്ചയിച്ചിട്ടില്ല. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ്മ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി കേരള ഗ്രാമീൺ ബാങ്കിന്റെ കീഴ്പ്പള്ളി ശാഖയിൽ 40450101101713 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർഫീ തുക ഹരിതകർമ്മ സേനാംഗങ്ങളുടെ വേതനത്തിനായി വിനിയോഗിക്കുന്നു. ലഭ്യമാകുന്ന തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയാണ് ചെയ്യുന്നത്. പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കി വെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ട്. ശരാശരി ₹ 8000 യോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്.

**അടിസ്ഥാന സൗകര്യങ്ങൾ**

വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിനായി സ്വന്തം വാഹനമുണ്ട്.

**ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ**

* ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫിൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ യഥാസമയം ക്ലീൻ കേരള കമ്പനി നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്.

* ബെയ്ലിംഗ്, ഷ്രെഡിംഗ് മെഷീനറികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെറിയ മുതൽ മുടക്കിൽ പെറ്റ് ബോട്ടിലുകൾ കട്ട് ചെയ്ത് പ്ലാസ്റ്റിക് ചിപ്സ് ആക്കി രൂപപ്പെടുത്തുന്നതിനുള്ള മെഷീൻ സ്ഥാപിക്കാവുന്നതാണ്. അടുത്ത ഘട്ടമായി പ്ലാസ്റ്റിക് ചിപ്സിനെ ഗ്രാന്യൂൾസാക്കി മാറ്റാവുന്നതിനുള്ള മെഷീനറികൾ

സ്ഥാപിക്കാവുന്നതും അതിൽ നിന്നും റീപ്രൊസസ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് നൽകി അധിക വരുമാനം കണ്ടെത്താവുന്നതുമാണ്. എല്ലാത്തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഗ്രാന്യൂളുകളായി രൂപപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്താവുന്നതാണ്. നിരവധി ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവാണ് ആർ.പി ഗ്രാന്യൂൾസ് എന്നതിനാൽ ഉപയോഗശൂന്യമായ എല്ലാത്തരം പ്ലാസ്റ്റിക് വസ്തുക്കളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

* ജൈവവളം നിർമ്മാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം 220 (C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

* ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യപരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.

* വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

* ഹരിതകർമ്മസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

* ഹരിത കർമ്മസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

* ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിനനുസൃതമായ പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

* മാലിന്യങ്ങൾ/പാഴ്വസ്തുക്കൾ ഉറവിടത്തിൽ തരം തിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.

* നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കാവുന്നതാണ്.

* പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ജൈവമാലിന്യങ്ങൾ ഉറവിടത്തിലും, തുമ്പൂർമൂഴി മോഡൽ മുഖേനയും സംസ്കരിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 09-12-2024, 10-12-2024 | കെ.എസ്.എ/കെ.എൻ.ആർ./ സി.12/1895/24 തീയതി: 23.12.2024 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വർഷം | | | | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2023-24 | 129260 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (9/24) | 129260 | 0 |
| | 2023-24 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (63/24) | 200000 | 0 |
| | 2023-24 | 500000 | മങ്കുന്ന് അങ്കണവാടിക്ക് പുതിയ കെട്ടിട നിർമ്മാണം(208/24) | 500000 | 0 |
| ആകെ | | 829260 | | 829260 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 375000 | സ്ഥിരം കൃഷി വ്യാപനം (14/24) | 375000 | 0 |
| | 2023-24 | 1660000 | ലൈഫ് ഭവന പദ്ധതി, ജനറൽ (16/24) | 1660000 | 0 |
| | 2023-24 | 390000 | ലൈഫ് ഭവന പദ്ധതി, പട്ടിക വർഗ്ഗ വിഭാഗം (55/24) | 390000 | 0 |
| | 2023-24 | 100000 | ലൈഫ് ഭവന പദ്ധതി, പട്ടിക ജാതി വിഭാഗം (53/24) | 100000 | 0 |
| | 2023-24 | 500822 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (63/24) | 500822 | 0 |
| | 2023-24 | 287891 | വീർപ്പാട്, വെള്ളരി വയൽ കോളനികളുടെ കുടിവെള്ള പദ്ധതി നവീകരണം (248/24) | 287891 | 0 |
| | 2023-24 | 560000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (9/24) | 560000 | |
| ആകെ | | 3873713 | | 3873713 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് 880000 രൂപ വായ്പയിനത്തിൽ വരവുണ്ട്. വർഷാവസാനംതിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരം ഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|

| | | | തുക | | മുതൽ | പലിശ | |
|---|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.688/2019/ ത.സ്വ.ഭ.വ/ 22-3-2019 | 24640000 | 17349296 | 880000 | 2245372 | | 15983924 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 3698924 |
| തൻവർഷം നിക്ഷേപിച്ചത് | 2775621 |
| ആകെ | 6474545 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 6474545 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം (അക്കൗണ്ട് നമ്പർ) &ആരംഭിച്ച തീയ്യതി | തുക | പുതുക്കിയ തീയ്യതി/ അക്കൗണ്ട് ആരംഭിച്ച തീയ്യതി | കാലാവധി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇരിട്ടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, എട്ടൂർ ബ്രാഞ്ച് FD No. 151/2016-17 /13-5-2022 | 843007 | 07-09-2023 | 12 മാസം (7-09-24 വരെ) | പലിശ 8.25% (മുൻ വർഷം 7%) തൻ വർഷം ലഭിച്ച പലിശ 55154 |
| 2 | ആറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പ്പള്ളി FD No. 10843/ 29-9-2022 | 1686010 | 14-08-2023 | 12 മാസം (13-08-2024 വരെ) | പലിശ 8.25 ( മുൻ വർഷം 7.) തൻ വർഷം ലഭിച്ച പലിശ 110300 |
| 3 | പായം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, പായം FD No. 1001028145 /31-3-2023 | 1445528 | 31-03-2024 | 12 മാസം ( 31-03-2025 വരെ) | പലിശ നിരക്ക് 8.25% ( മുൻ വർഷം 8.25%) തൻ വർഷം ലഭിച്ച പലിശ 110167 |
| 4 | ആറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പ്പള്ളി FD No. 001001013347 /18-05-2023 | 2500000 | 18-05-2024 | 12 മാസം ( 17-05-2024 വരെ) | പലിശ നിരക്ക് 8.25% |

| ആകെ | 6474545 |
|---|---|

സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിലെ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1999-2000 | 14 | 2003-04 | 03.13.2017 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ഉൾപ്പെടുത്തുന്നു | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(എ) | 2016-17 | അധ്യായം 2 അനുബന്ധം5 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ പരിശോധന റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഇല്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ബി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി അപാകങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(സി) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ഡി) | 2016-17 | അധ്യായം 2 അനുബന്ധം5 | അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-4(ഇ) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹78893887 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹84536620 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2341443 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-17 | 216898 | ശ്രീ. സുനിൽകുമാർ. ആർ. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-18 | 546180 | ശ്രീ. ആന്റണി. എം.എ, സെക്രട്ടറി |
| 1-19 | 300000 | ശ്രീ. സുനിൽകുമാർ. ആർ. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-20 | 100000 | ശ്രീ. ആന്റണി. എം.എ, സെക്രട്ടറി |
| 1-24 | 159993 | ഡോ. പ്രീയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി |
| 1-25 | 67997 | ഡോ. പ്രീയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി |
| 1-26 | 48276 | ഡോ. പ്രീയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി |
| 1-27 | 474030 | ശ്രീ. റാം മോഹൻ, കൃഷി ഓഫീസർ |
| 1-28 | 275000 | ശ്രീമതി. ഷിനി. പി.പി, വി.ഇ.ഒ, എടൂർ സർക്കിൾ |
| 1-30 | 153069 | ഡോ. കെ. രഞ്ജിത്ത് മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 2341443 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽകുമാർ. ആർ. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി, മൈലം ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല | റൂബി ഹൌസ്, ചുരപ്പൊയ്ക കുഴിമതിക്കാട് പി.ഒ, കൊല്ലം |
| ശ്രീ. ആന്റണി. എം.എ, സെക്രട്ടറി | സെക്രട്ടറി, എളംകുന്നപുഴ ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല | മുക്കത്ത് ഹൌസ് പുതുവയ്പ്പ് എറണാകുളം |
| ഡോ. പ്രീയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീഴ്പ്പള്ളി | കൃഷ്ണരാഗം,പേരാവൂർ, പേരാവൂർ.പി.ഒ, കണ്ണൂർ |
| ശ്രീ. റാം മോഹൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പത്തനാപുരം കൃഷിഭവൻ, കൊല്ലം ജില്ല | കാർത്തിക, ഇളമാട്. പി.ഒ ആയൂർ, കൊല്ലം |
| ശ്രീമതി. ഷിനി. പി.പി, വി.ഇ.ഒ, എടൂർ സർക്കിൾ | വി.ഇ.ഒ, എടൂർ സർക്കിൾ | ഷൈമാലയം, പരിയാരം കോളാരി പി.ഒ, കണ്ണൂർ |
| ഡോ. കെ. രഞ്ജിത്ത് മെഡിക്കൽ ഓഫീസർ, ഹോമിയോ | ഗവ.ഹോമിയോ ഡിസ്പെൻസറി, നെൻമേനി, വയനാട് ജില്ല | ലക്ഷ്മി, തൊടുവട്ടി, പുത്തൻകുന്ന്.പി.ഒ വയനാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 പദ്ധതി ചെലവ് | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 1 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 3 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 4 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1258/2022 തീയതി 3.09.2022 | 3 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.10/99/2022 തീയതി 5.04.2022 | 20 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.10/100/2022 തീയതി 5.04.2022 | 22 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.10/1496/2023 തീയതി 12.01.2023 | 32 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.12/388/2024 തീയതി 07.03.2024 | 34 |
| 2022-23 | കെ.എസ്.എ./കെ.എൻ.ആർ./സി.10/1966/2023 തീയതി 26.12.2023 | 49 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1/2024 dated 12-07-2024 and submitted on 12-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Aralam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Aralam Grama Panchayat as on 31-03-2024

**Date: 23/12/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Aralam Grama Panchayat for the Year 2023-2024 .

**1.Major Observations**

NIL

**2.Other Observations**

1. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement.
2. Distress fund balance as per B-2 schedule does not match with its bank account as per B-17 schedule
3. Advance register, appropriation control register, Loan Register are not maintained properly so as to verify the

correctness of AFS

4.The fixed deposit amount does not match the amount as per the annual financial statements and the investment register.

5. The value of land owned by Grama Panchayath is not reflected in the balance sheet.

6. Mandatory financial statements such as Ratios, comparitive amounts for the preceding year, in 2011 Kerala Panchayat Raj accounting rules not submitted for audit.

7. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

8. The Asset value shown in balance sheet is not traceable with Asset Register as it is not updated.

9. Lapses in making timely and accurate demand entries in respect of tax and non tax revenue.

10. The amount receivable as rent arrears is not included in the annual financial statements

11. The work which has part bill payment made is not accounted in capital work in progress in balance shee B-11(b) schedule

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| | Aralam Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 43975234.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2014220.00 |
| 140000000 | Fees & User Charges | RP-4 | 4601412.00 |
| 150000000 | Sale & Hire Charges | RP-5 | 99196.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 13539835.00 |
| 171000000 | Interest Earned | RP-9 | 984946.00 |
| 190000000 | Prior Period Income | RP-11 | 13120.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 311000000 | Earmarked Funds | RP-28 | 27090.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 32641033.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 22997247.00 |
| 460000000 | Loans, Advances and Deposits | RP-49 | 62825.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 32050.00 |
| 330000000 | Secured Loans | RP-31 | 880000.00 |
| 340000000 | Deposits Received | RP-33 | 322258.00 |
| 350000000 | Other Liabilities | RP-35 | 678655.00 |
| | **Grand total** | | **122869121.00** |
| | **PAYMENTS** | | |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 5533.00 |
| 220000000 | Administrative Expenses | RP-13 | 3500.00 |
| 311000000 | Earmarked Funds | RP-28 | 10.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 51550.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 1889269.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10124947.00 |
| 460000000 | Loans, Advances and Deposits | RP-49 | 1539726.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 38548.00 |
| 350000000 | Other Liabilities | RP-35 | 70883537.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 38247149.00 |
| Cash | Cash | RP-40(b) | 85352.00 |

| | | |
|---|---|---|
| | **Grand Total** | **122869121.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annex3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| | **Aralam Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6860255.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 174682.00 |
| 140000000 | Fee & User Charges | I-4 | 4879161.00 |
| 150000000 | Sale & Hire Charges | I-5 | 114999.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 262914415.00 |
| 170000000 | Income from Investments | I-7 | 275617.00 |
| 171000000 | Interest Earned | I-8 | 984946.00 |
| 180000000 | Other Income | I-9 | 1100.00 |
| | **Total Income** | | **276205175.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12891521.00 |
| 220000000 | Administrative Expenses | I-11 | 1190965.00 |
| 230000000 | Operations & Maintenance | I-12 | 1381841.00 |
| 240000000 | Interest & Finance Charges | I-13 | 3089.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11647701.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 63319603.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11301359.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 100834358.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 58251900.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1779164.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 9722.00 |
| 271000000 | Miscellaneous Expenses on Disposal of | I-17 | 0.0 |

| | | | |
|---|---|---|---|
| | Assets and Investments | | |
| 272000000 | Depreciation | I-17(A) | 26998660.00 |
| | **Total Expenditure** | | **289609883.00** |
| | **Gross Surplus / Deficit of income over Expenditure before Prior Period** | | **-13404708.00** |
| 190000000 | Prior Period Income I-19 | | 2480978 |
| 290000000 | Prior Period Expense I-18 | | -368328 |
| D | Net Difference I-19 - I-18 | | -2112650 |
| | **Gross Surplus / Deficit of income over Expenditure after Prior Period** | | **-15517358.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annex3-3

## BALANCE SHEET

| | | | |
|---|---|---|---|
| | Aralam Grama Panchayat<br>BALANCE SHEET | | |
| | As on 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 37497781.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 131893.00 |
| 312000000 | Reserves | B-3 | 209009741.00 |
| | **Total Reserve & Surplus** | | **246639415.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 42028040.00 |
| | **Total Grants, Contributions for Specific Purposes** | | **42028040.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15983924.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **15983924.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 719655.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2080259.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2799914.00** |
| | **TOTAL LIABILITIES** | | **307451293.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2292139.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5604597.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 41660631.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 366522548.00 |
| 416000000 | Accumulated Depreciation | B-11(a) | -170095876.00 |
| | **Total Fixed Assets** | | **245984039.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 6474541.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **6474541.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11129235.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 38332501.00 |
| 460000000 | Loans, Advances and Deposits | B-18 | 5530977.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **54992713.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **307451293.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.